കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ്ആക്ട് പ്രകാരം രൂപീകൃതം)

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

ടെലഫോൺ നമ്പർ 0471 2514554

വെബ്സൈറ്റ് www.kseb.in ഇമെയിൽ : safety@kseb.in CIN:U40100KL2011SGC027424

150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ – മാതൃഭാഷ"

നമ്പർ:- സേഫ്റ്റി / സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിറ്റ്സ് / 2021-22/ 155 തീയതി : 13:09/2021

06.08.2021-ന് രാവിലെ 11.00 മണിക്ക് ഓൺലൈനായി (ഗൂഗിൾ മീറ്റ്) കൂടിയ

സംസ്ഥാനതല സേഫ്റ്റി കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

പങ്കെടുത്തവർ:

1. ശ്രീമതി. മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
2. ശ്രീ. ശശാങ്കൻ നായർ. സി .എസ് , ചീഫ് സേഫ്റ്റി കമ്മിഷണർ
3. ശ്രീമതി.ഷീബ എബ്രഹാം , അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.
4. ശ്രീമതി ഇന്ദിര ദേവി വി . , എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിസ്ട്രിബ്യൂഷൻ(സൗത്ത്)
5. ശ്രീ. എൻ. സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ)
6. ശ്രീമതി. ഭാഗ്യലക്ഷ്മി.എസ് ., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്)
7. ശ്രീ. ജയരാജ് വി. , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത് മലബാർ)
8. ശ്രീ. കെ. പി. നടരാജ് , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്)
9. ശ്രീ. ബിജോയ് എൻ. എൽ. , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണ, ട്രാൻസ്മിഷൻ (നോർത്ത്)
10. ശ്രീ. നിശ പി. വി. , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ
11. ശ്രീമതി. ലീലാമ്മ എ. (ഡിസ്ട്രിബ്യൂഷൻ , ഐ. റ്റി. & എച്ച്. ആർ. എം.)ഡയറക്ടറുടെ ടി.എ.
12. ശ്രീമതി. രേഖ ആർ., എക്സിക്യൂട്ടീവ് എഞ്ചിനിയർ, എച്ച്. ആർ. ഡി സെൽ
13. ശ്രീ. രാം മഹേഷ് ആർ, ചീഫ് പെഴ്സണൽ ഓഫീസർ

14. ശ്രീ. ഡേവിസ് എ. പി., KSEBWA

15. ശ്രീ. നസീർ എം., UDEEF

16. ശ്രീ. പ്രതീപ്കുമാർ.എസ്., KPWC

17. ശ്രീ. മോഹൻദാസ് കെ. ആർ., KEWF

18. ശ്രീ. ഹരികുമാർ.ബി. , KSEBOA

19. ശ്രീ. അനന്തകൃഷ്ണൻ.എം.ജി , KEOF

20. ശ്രീ. സുജിത്ത്.കെ.ജെ.,KEOC

21. ശ്രീ. ഗോപാലകൃഷ്ണൻ പോറ്റി .,KSEBEA

22. ശ്രീ. അശോക് ഷെർലേകർ, KPBOF

23. ശ്രീ. സുനിൽ കുമാർ കെ. പി. UDEEF

24. ശ്രീമതി. മഞ്ജു എസ്.ദേവ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

25. ശ്രീമതി.ഷംല. എ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

26. ശ്രീ . അജയ് ശ്രീഹർഷൻ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

27. ശ്രീ . ബൈജു കെ.സി . , AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

28. ശ്രീമതി . പ്രീത വി., AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ രാവിലെ 11 മണിക്ക് ഓൺലൈൻ മീറ്റിംഗ് ആരംഭിച്ചു. ചീഫ് സേഫ്റ്റി കമ്മീഷണർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു . തുടർന്ന് കഴിഞ്ഞ മീറ്റിങ്ങിനു ശേഷം നടന്ന അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ട ജീവനക്കാർക്കുവേണ്ടി ഒരു മിനിട്ട് മൗനപ്രാർത്ഥന നടത്തി അനുശോചിച്ചു. തുടർന്ന് ശ്രീമതി. മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) അവർകൾ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

കൃത്യമായ കാലയളവിൽ തന്നെ മീറ്റിംഗ് നടത്തിയതിൽ ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) സന്തുഷ്ടി പ്രകടിപ്പിച്ചു. പൊതുജനങ്ങൾക്കിടയിൽ സുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടത്തിയതായി അഭിപ്രായപ്പെടുകയും എന്നാൽ ജീവനക്കാർക്ക് പരിശീലനക്കുറവുള്ളതായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനാൽ എച്ച്.ആർ.ഡി. സെല്ലിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൂടി മീറ്റിംഗിൽ പങ്കെടുപ്പിക്കുകയും ചെയ്തതായി അറിയിച്ചു. തുടർച്ചയായി ട്രെയിനിംഗ് നടത്തിയാൽ മാത്രമെ ഫലം ലഭിക്കുകയുള്ളൂ എന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)അഭിപ്രായപ്പെട്ടു. കോവിഡ് സാഹചര്യം നിലനിൽക്കുന്ന അവസരത്തിൽ ഓൺലൈൻ വഴിയെങ്കിലും പരിശീലനം നടത്തണമെന്നും ഈ സാഹചര്യം മാറുന്ന മുറയ്ക്ക് എല്ലാ

ജീവനക്കാർക്കും ട്രെയിനിംഗ് നൽകണമെന്നും എച്ച്.ആർ.ഡി. സെല്ലിലെ എക്സിക്യൂട്ടീവ് എഞ്ചിനയറോട് നിർദ്ദേശിച്ചു. എല്ലാ സെക്ഷനോഫീസുകളിലും സുരക്ഷ ഉപകരണങ്ങൾ ആവശ്യമായ അളവിലും പ്രവർത്തനക്ഷമതയിലും ഉണ്ടോയെന്ന് പരിശോധിച്ചു ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചു. ജീവനക്കാരും കരാർ തൊഴിലാളികളും പഴക്കംചെന്ന ടവറിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അതിനാൽ ജോലിചെയ്യാനുള്ള ടവർ പരിശോധിച്ച് വേണ്ടത്ര സുരക്ഷ ഉറപ്പാക്കിയ ശേഷം മാത്രമേ പണി ചെയ്യുന്നതിന് ടവറിലേയ്ക്ക് ജീവനക്കാരെ കയറ്റാൻ പാടുള്ളൂ എന്ന് ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) നിർദ്ദേശിച്ചു.

വീടുകളിലും സ്ഥാപനങ്ങളിലും ഇ.എൽ.സി.ബി. ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സഹകരണം ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) അഭ്യർത്ഥിച്ചു. കൂടാതെ സ്കൂൾതലത്തിലെ പാഠ്യപദ്ധതിയിൽ സുരക്ഷ ഒരു വിഷയമായി ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കും സഹകരണം ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) അഭ്യർത്ഥിച്ചു. എല്ലാ യൂണിയൻ മേധാവികളും അതാത് യുണിയനുകളിലെ അംഗങ്ങളായ തൊഴിലാളികളോട് നിർബന്ധമായും ഓഫ് ചെയ്ത്, എർത്ത് ചെയ്ത്, പി.പി.ഇ കിറ്റ് ധരിച്ച് മാത്രമേ ലൈനിൽ പണി ചെയ്യാവൂ എന്ന് ഓർമ്മപ്പെടുത്തണമെന്നും ഈ വിഷയത്തിൽ ഗൗരവപൂർണ്ണമായ സമീപനം ഉണ്ടാകണമെന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) നിർദ്ദേശിച്ചു.

ലൈനിൽ പണി ചെയ്യുമ്പോൾ സപ്ലൈ ഇല്ലെന്ന് ഉറപ്പുക്കുന്നതിലേക്ക് വേണ്ടി പ്രൊക്സിമിറ്റി ഡിറ്റെക്ട്റ്ററുടെ സാധ്യത എല്ലാ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും പരിശോധിച്ച് അറിയിക്കണമെന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) നിർദ്ദേശിച്ചു.

തുടർന്ന് 07/05/2021 ലെ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിലെ തീരുമാനങ്ങളെപ്പറ്റി ചീഫ് സേഫ്റ്റി കമ്മീഷണർ വിശദീകരിച്ചു.

സേഫ്റ്റി ഇൻസ്പെക്ഷനുകൾ ഫീൽഡിൽ നടത്തി തന്നെയാണോ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യുന്നതെന്ന് അതാത് മേഖലയിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണമാർ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു . സേഫ്റ്റി ഇൻസ്പെക്ഷൻ നടത്തുമ്പോൾ സേഫ്റ്റി കിറ്റുകൾ ഉപയോഗിക്കുന്നുണ്ടോ എന്ന് ഓഫീസർമാർ പരിശോധിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. കൂടാതെ ട്രാൻസ്മിഷൻ, ജനറേഷൻ വിഭാഗങ്ങളിലുള്ള ഫയ എക്സ്റ്റിംഗ്യൂഷറുകളുടെ കാലാവധിയുമായി ബന്ധപ്പെട്ട വിഷയം അതാത് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണമാർ പരിശോധിച്ച് നടപടികൾ കൈക്കൊള്ളണമെന്ന് തീരുമാനിച്ചിരുന്നു. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ അതാത് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ യോഗത്തിൽ വിശദാംശങ്ങൾ നൽകേണ്ടതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു.

സേഫ്റ്റി പ്രൊസീജയറിൽ ന്യൂറിൽപ്പരം വർക്കുകളെ സംബന്ധിച്ചുള്ള സുരക്ഷാ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏതൊക്കെ ജോലികളുമായി ബന്ധപ്പെട്ട സുരക്ഷാ നടപടിക്രമങ്ങളിലാണ് തിരുത്തൽ ആവശ്യമായതെന്ന് വ്യക്തമാക്കി കത്തു നൽകിയാൽ ഈ വിഷയം സംബന്ധിച്ച് ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയിലേക്ക് പരിഗണനയ്ക്കു സമർപ്പിക്കുന്നതാണെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട മുൻ യോഗ തീരുമാനത്തിന്മേൽ ചീഫ് സേഫ്റ്റി കമ്മീഷണർ വിശദീകരണം നൽകി. സേഫ്റ്റി പ്രൊസീജയറിൽ അപാകതകൾ ഉണ്ടെങ്കിൽ ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ എന്നീ മേഖലകളിലെ വിദഗ്ധർ പരിശോധിച്ച് പരിഹാരം കാണാൻ കഴിയും. എന്നാൽ നിലവിലുണ്ടായിട്ടുള്ള അപകടങ്ങൾ പരിശോധിച്ചാൽ ഏതൊരു വൈദ്യുതിജോലിയും ചെയ്യുമ്പോൾ അടിസ്ഥാനപരമായി പാലിക്കേണ്ടതായ 'isolate, earth and short' നടപടിക്രമം പാലിക്കാത്തതാണ് ടി അപകടങ്ങളുടെ കാരണമെന്ന് മനസിലാക്കാവുന്നതാണ് . അതിനാൽ ഇത്തരം

സുരക്ഷാ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ് . വിവിധ സംഘടനാപ്രതിനിധികളും കൂടി ഈ സന്ദേശം ജീവനക്കാരിൽ എത്തിക്കണം കൂടാതെ, പോസ്റ്റുകളുടെ ഗുണനിലവാരം സംബന്ധിച്ച വിഷയത്തിലുള്ള തീരുമാനത്തിന്മേൽ ചീഫ് എഞ്ചിനീയർ (എസ്.സി.എം)ന് നോട്ട് സമർപ്പിച്ചിട്ടുണ്ട് . അയ്യന്തോൾ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സന്തോഷ് കുമാർ ഗൂഗിൾ ഷീറ്റിൽ തയ്യാറാക്കിയ Single Line Diagram (SLD)-ന്റെ പ്രത്യേകതകൾ വിശദീകരിക്കുന്ന ഒരു വീഡിയോ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിന്റെ വാട്ടസാപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം സന്തോഷ് കുമാർ വീഡിയോ അയച്ചു തന്നിട്ടുണ്ട് . ഇത് പരിശോധിച്ചശേഷം ഗ്രൂപ്പിൽ ഇടുന്നതാണ് എന്ന് അറിയിച്ചു.

കോവിഡ് സാഹചര്യത്തിൽ, മുൻ യോഗ തീരുമാന പ്രകാരം 2021 ദേശീയ സുരക്ഷാവാരം എന്നത് ബോർഡ് അനുമതിയോടുകൂടി ജൂൺ 26 ന് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വിവിധ പരിപാടികളോടെ ആചരിച്ചു.

കോൺട്രാക്ടർ ലൈസൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ തൽസ്ഥിതി തുടരാവുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. കൂടാതെ സ്ഥാനകയറ്റം കിട്ടിയ ജീവനക്കാർക്ക് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സുരക്ഷയെ സംബന്ധിച്ച് മതിയായ പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷയ്ക്ക് മാത്രമായി ഒരു യു-ട്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. അതുവഴി സുരക്ഷാ സംബന്ധമായ വീഡിയോകൾ പ്രദർശിപ്പിച്ചു വരുന്നുണ്ടെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

ലൈൻമാൻമാർക്ക് പി.പി.ഇ കിറ്റുകൾ നൽകിയത് HRIS ൽ ഉൾപ്പെടുത്തുവാൻ ARU തലവന്മാർക്ക് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ നിർദ്ദേശം നൽകണം. മുൻ മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ , കോവിഡ് കാലമായതിനാൽ കഴിഞ്ഞ മൂന്നു മാസമായി സേഫ്റ്റി ഇൻസ്പെക്ഷനുകൾ കുറഞ്ഞതായിട്ടാണ് കാണുന്നത്. 7600 എണ്ണത്തോളം ഇൻസ്പെക്ഷനുകൾ നടത്തിയിരുന്ന സ്ഥാനത്ത് 4700 എണ്ണത്തോളം ഇൻസ്പെക്ഷനുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. ഇനിയും ഈ അവസ്ഥ തുടരാൻ അനുവദനീയമല്ല. ഇൻസ്പെക്ഷൻ കുറയുന്നത് ജീവനക്കാരിൽ സുരക്ഷാ പാലിക്കുന്നതിനു ഗൗരവം കുറയ്ക്കുന്നതിന് സാധ്യതയുണ്ട്. അതിനാൽ സുരക്ഷാ ഉദ്യോഗസ്ഥൻമാർ കൂടുതൽ ഇൻസ്പെക്ഷനുകൾ നടത്തേണ്ടതാണ്. നിർദ്ദിഷ്ട ഇൻസ്പെക്ഷനുകൾ നടത്താത്ത ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർമാരോട് ചീഫ് സേഫ്റ്റി കമ്മീഷണർ ശുപാർശ ചെയ്യുന്നതാണ് . ടി വിഷയം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും ശ്രദ്ധിക്കേണ്ടതാണെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു.

സൺറൈസ് മീറ്റിംഗ് കൃത്യമായി നടത്തുകയും സേഫ്റ്റി പാലിച്ചു മാത്രമേ ലൈനിൽ പണി ചെയ്യാവൂ എന്നും ജീവനക്കാരോട് മീറ്റിംഗിൽ ഉത്തരവാദപ്പെട്ടവർ നിർബന്ധമായും ആവശ്യപ്പെടേണ്ടതാണ്. 07/05/2021 നു ശേഷം ആകെ 170 അപകടങ്ങൾ നടന്നിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ വിംഗുകളിൽ സംഭവിച്ച അപകടങ്ങളെകുറിച്ച് അതാത് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ വിശദീകരിക്കേണ്ടതാണെന്നും ഓപ്പറേഷൻ ശുദ്ധി രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നതിന്റെ സ്ഥിതി വിവരവും, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെട്ടു. 'Zero accident' ൽ എത്തണമെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെട്ടു.

PWD യിൽ ഉപയോഗിച്ചു വരുന്ന തരം 'Mobile App' KSEB- യ്ക്കും വികസിപ്പിച്ചെടുക്കുകയാണെങ്കിൽ ജനങ്ങൾക്ക് യാത്രയിലും മറ്റും കാണുന്ന KSEB യുടെ നെറ്റ്‌വർക്കുകളിലെ അപാകതകളും അപകട സാഹചര്യങ്ങളും ഉടൻ തന്നെ അധികാരികളെ അറിയിക്കാനും പരിഹരിക്കാനും സാധിക്കുമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭിപ്രായപ്പെട്ടു .

കൺസ്യൂമർ വാട്സ് ആപ്പ് ഗ്രൂപ്പിൽ വരുന്ന സുരക്ഷ സംബന്ധിച്ച പരാതികൾ അസിസ്റ്റന്റ് എഞ്ചിനീയർമാർ

പരിഹരിക്കണം. പല സെക്ഷനോഫീസുകളിലും ഫെയ്സ് ബുക്ക് അക്കൗണ്ട് തുടങ്ങുകയും അത് നല്ല രീതിയിൽ കൊണ്ടുപോകുന്നതായിട്ടുമാണ് അറിയാൻ കഴിഞ്ഞത്. സംഘടന പ്രതിനിധികൾ ടി വിഷയത്തിൽ അഭിപ്രായം പറയണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു. വർക്ക് സൈറ്റ് വാട്സ് ആപ്പ് ഗ്രൂപ്പിൽ, വർക്ക് തുടങ്ങുന്നതിനുമുൻപ് ലൈൻ isolate, earth and short' ചെയ്തതിന്റെ photo എടുത്ത് ഗ്രൂപ്പിൽ ഇട്ട ശേഷം വർക്ക് ചെയ്യുകയാണെങ്കിൽ തന്നെ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സംഭവിക്കുന്ന മിക്ക അപകടങ്ങളും ഒഴിവാക്കാൻ സാധിക്കും. ഇങ്ങനെ ഗ്രൂപ്പ് വന്നാൽ മാനസിക സംഘർഷം ഉണ്ടാകുമെന്നാണ് ഒറ്റപ്പെട്ട ചില അഭിപ്രായങ്ങൾ ഉണ്ടായത്. എന്നാൽ സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാത്തവർക്ക് മാനസിക സംഘർഷം ഉണ്ടായേക്കാം. കൃത്യമായി സുരക്ഷ പാലിക്കുന്നവർക്ക് മേൽരീതിയിൽ photo ഗ്രൂപ്പിൽ ഇടുന്നത് പ്രോത്സഹനാത്മകവും മറ്റുള്ളവർക്ക് മാതൃകാപരവും ആയിരിക്കും. ആയതിനാൽ ഈ വിഷയം നടപ്പിലാക്കുന്നതിന് എല്ലാ സംഘടനകളുടേയും സഹകരണം ചീഫ് സേഫ്റ്റി കമ്മീഷണർ അഭ്യർത്ഥിച്ചു.

ELCB സ്ഥാപിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി അതിന്റെ സാങ്കേതിക വിശദാംശങ്ങൾ അടങ്ങിയ വീഡിയോ കെ. എസ്. ഇ. ബി യുടെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജിലൂടേയും മറ്റു മാധ്യമങ്ങളിലൂടെയും ഇതിനകം തന്നെ പ്രചരിപ്പിച്ചിട്ടുണ്ട്. ഇതിന് മികച്ച സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളതെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

<u>ശ്രീമതി. ഇന്ദിര ദേവി വി. , (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ (സൗത്ത്)-ന്റെ അധിക ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ</u>

കഴിഞ്ഞ സ്റ്റേറ്റ് ലെവ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ- സൗത്ത്) വിശദീകരിച്ചു. ചിറയിൻകീഴ്, നാലാഞ്ചിറ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ നടന്ന മാരകമായ അപകടങ്ങളെപ്പറ്റിയും വിശദീകരിച്ചു. സുരക്ഷാ പരിശോധനകൾ കൃത്യമായും നടത്തുന്നുണ്ട്. സുരക്ഷ സംബന്ധിച്ചുള്ള ലഘുരേഖകൾ മീറ്റർ റീഡർമാർ വഴിയും ക്യാഷ് കൌണ്ടർ മുഖേനയും വിതരണം ചെയ്തിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിസ്ട്രിബ്യൂഷൻ(സൗത്ത്) അറിയിച്ചു.

<u>ശ്രീ. എൻ . സന്തോഷ് കുമാർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ)</u>

കഴിഞ്ഞ സ്റ്റേറ്റ് ലെവ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റു പ്രവത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) വിശദീകരിച്ചു. കൂടുതൽ അപകടങ്ങളും സെൻട്രൽ മേഖലയിലാണ് ഉണ്ടായിട്ടുള്ളത്. അതിൽ പൊതുജനങ്ങൾക്കാണ് കൂടുതൽ അപകടങ്ങളും സംഭവിച്ചിരിക്കുന്നത്. മേൽ സൂചിപ്പിച്ച അപകടങ്ങളെ അവലോകനം ചെയ്യാനും ഇത്തരം അപകടങ്ങൾ തുടർന്നും സംഭവിക്കാതിരിക്കാനും വേണ്ടി സുരക്ഷാ മീറ്റിംഗുകൾ കൂടിയിട്ടുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അറിയിച്ചു. സുരക്ഷാ ബോധവൽക്കരണ ലഘുരേഖകൾ മീറ്റർ റീഡർമാർ വഴി വിതരണം ചെയ്തിട്ടുണ്ട്. ലോക്കൽ ചാനൽ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. വിവിധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചതായി ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അറിയിച്ചു.

കേബിൾ ടി. വി യുമായി ബന്ധപ്പെട്ട അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേബിൾ ടി. വി ഓപ്പറേറ്റർമാരുടെ മീറ്റിംഗ് എല്ലാ സെക്ഷൻ തലത്തിലും നടത്താനായി നിർദ്ദേശിച്ചിട്ടുള്ളതായി ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അറിയിച്ചു. വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങൾ കൈക്കൊള്ളാതെ ലൈനിൽ പണി

ചെയ്തതിലാണ് പാലാരിവട്ടം ഇലക്ട്രിക്കൽ സെക്ഷനിൽ അപകടം സംഭവിച്ചത്. ടി അപകടത്തിന്റെ ഉത്തരവാദികൾക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഈ അപകടത്തെ തുടർന്ന് സെക്ഷനോഫീസിൽ മീറ്റിംഗ് നടത്തുകയും കൃത്യമായ സുരക്ഷ പാലിക്കാതെ ഒരു വൈദ്യുത ജോലിയും ചെയ്യരുതെന്നു കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. മാത്രവുമല്ല തുടർന്ന് സെൻട്രൽ റീജിയണിൽ നടത്തിയ എല്ലാ സുരക്ഷാ മീറ്റിംഗുകളിലും മേൽ അപകടത്തെ പറ്റി ചർച്ച ചെയ്തതായും , സെൻട്രൽ മേഖലയിൽ കോവിഡ് പ്രോട്ടോകോ പാലിച്ച് സുരക്ഷാ മീറ്റിംഗുകളും ഇസ്പെക്ഷനുകളും നല്ല രീതിയിൽ നടത്തുന്നുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അറിയിച്ചു.

ശ്രീമതി. ഭാഗ്യലക്ഷ്മി.എസ്., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റു പ്രവത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്) വിശദീകരിച്ചു. ഡിസ്ട്രിബ്യൂഷൻ (നോർത്ത്) മേഖലയിലെ എല്ലാ സുരക്ഷാ ഉദ്യോഗസ്ഥന്മാരും സുരക്ഷാ പരിശോധനകൾ നിർദ്ദിഷ്ടരീതിയിൽ നടത്തിയിട്ടുണ്ട്. കൂടാതെ കൃത്യമായി വർക്ക് സൈറ്റ് പരിശോധന നടത്തിയിട്ടാണ് അവർ SMART ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നതായിട്ടാണ് ചീഫ് സേഫ്റ്റി ഓഫീസർമാർ റിപ്പോർട്ട് നൽകിയിരിക്കുന്നത് . നിലവിൽ ആക്സിഡൻറു നടന്നാൽ പോസ്റ്റുമോർട്ടം റിപ്പോർട്ട് കിട്ടിയാൽ മാത്രമേ വൈദ്യുത ആഘാതം ഏറ്റിട്ടുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ വർക്ക് സൈറ്റ് വാട്ട്സാപ്പ് ഗ്രൂപ്പിൽ വർക്ക് ചെയ്യുന്നതിനു മുൻപ് ഫോട്ടോ ഇടുകയാണെങ്കിൽ സേഫ്റ്റി മുൻകരുതലുകൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കും. അതിനാൽ വർക്ക് സൈററ് വാട്സാപ്പ് ഗ്രൂപ്പ് പ്രയോജനകരമാണ് . പൊതുജനബോധവത്ക്കരണവും , വാഹനപ്രചരണവും നടത്തിയിട്ടുണ്ട്. ലോക്കൽ ടി.വി.ചാനൽവഴിയും സുരക്ഷാ അവബോധം നടത്തിയിട്ടുണ്ട് . ജൂലൈ 14 ലെ സുരക്ഷാ ജാഗ്രതാദിനത്തിൽ മുമ്പ് നടന്ന ആക്സിഡൻറുകളുടെ കേസ് സ്റ്റഡി ചർച്ച ചെയ്ത് വിശകലനം നടത്തി സമാന രീതിയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ജീവനക്കാർക്കിടയിൽ ബോധവത്കരണം നടത്തി. സുരക്ഷാപരിശീലനം നടത്തിവരുന്നതായിട്ടും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത്) അറിയിച്ചു.

ഓപ്പറേഷൻശുദ്ധിയുടെ രണ്ടാം ഘട്ടത്തിൽ 11 കെ.വി.ലൈനിലെ ടച്ചിംഗ് ഒഴികെ ബാക്കി എല്ലാം പൂർത്തിയായിട്ടുണ്ട്. പാലക്കാട് സർക്കിളിലെ എല്ലാ ജീവനക്കാർക്കും രണ്ടു ഡോസ് കോവിഡ് വാക്സിൻ എടുത്തിട്ടുണ്ട്. 19-06-2021-ൽ തത്തമംഗലം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നടന്ന വൈദ്യുത അപകടവുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷം രൂപയുടെ ചെക്ക് നൽകുകയും ജീവനക്കാരിൽ നിന്നും ലഭിച്ച സഹായധനമായ ഒൻപത് ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. നോർത്ത് റീജിയനിലെ എല്ലാ സെക്ഷൻ ഓഫീസുകളിലും കൺസ്യൂമർ വാട്സാപ്പ് ഗ്രൂപ്പ് നല്ല രീതിയിൽ നടക്കുന്നു. ഫെയ്സ്ബുക്ക് പേജ് എല്ലാ സെക്ഷൻ ഓഫീസുകളിലും തുടങ്ങി വരുന്നതായിട്ടും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ(നോർത്ത്) അറിയിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ സെക്ഷൻ ഓഫീസുകളിലും സൺറൈസ് മീറ്റിംഗ് നടത്തിവരുന്നു. പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യുപ്മെൻറ് കിറ്റ് HRIS ൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത്) അറിയിച്ചു.

ശ്രീ. ജയരാജ് വി. , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത് മലബാർ)

07/05/2021 ന് ശേഷം സംഭവിച്ച അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ ഡിസ്ട്രിബ്യൂഷൻ (നോർത്ത് മലബാർ) വിശകലനം നടത്തി. കഴിഞ്ഞ മീറ്റിംഗിനു ശേഷം നോർത്ത് മലബാർ റീജിയണിൽ 18 എണ്ണം ഫാറ്റൽ

ആക്സിഡൻറുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ മൂന്ന് എണ്ണം ബോർഡ് ജീവനക്കാർക്കാണ് സംഭവിച്ചിരിക്കുന്നത് . വർക്ക് സൈറ്റിൽ നടക്കുന്ന അപകടങ്ങളിൽ കൂടുതലും സുരക്ഷാവീഴ്ച കൊണ്ട് സംഭവിക്കുന്നതായിട്ടാണ് മനസ്സിലാകുന്നതെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ (നോർത്ത് മലബാർ) അറിയിച്ചു. 08-07-2021-ന് പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നടന്ന വൈദ്യുത അപകടവുമായി ബന്ധപ്പെട്ട് സബ് എഞ്ചിനീയർ, ഓവർസീയർ എന്നിവരെ സസ്പെൻഡ് ചെയ്തു. ലൈൻമാനെ സ്ഥലം മാറ്റുകയും ചെയ്തു. ബാക്കിയുള്ളവർക്കെതിരെ അന്വേഷണം നടന്നുവരുന്നു. ഗുരുതരമായ സുരക്ഷാ വീഴ്ചയാണ് മേൽ അപകടത്തിൽ സംഭവിച്ചിരിക്കുന്നത്. തുടർന്ന് എല്ലാ സെക്ഷനുകളിലും സുരക്ഷാ മീറ്റിംഗുകൾ നടത്തുകയും സേഫ്റ്റി പ്രൊസീജിയർ പാലിച്ചുമാത്രമേ ജോലിചെയ്യാവൂ എന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വൈദ്യുതസംബന്ധമായ വർക്കുകളും സപ്ലൈ ഓഫ് ചെയ്ത് എർത്ത് ചെയ്ത് ഷോർട്ട് ചെയ്തുമാത്രമേ പണി ചെയ്യാവൂ എന്ന് ചൂണ്ടികാണിച്ചുകൊണ്ട് സർക്കുലർ ഇറക്കിയിട്ടുള്ളതായും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത് മലബാർ) അറിയിച്ചു.

ശ്രീ. കെ. പി. നടരാജ് , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ട്രാൻസ്മിഷൻ (സൗത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം (ട്രാൻസ്മിഷൻ സൗത്ത്) മേഖലയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്) വിശദീകരിച്ചു. ഒരു അപകടം ഫാറ്റൽ ആക്സിഡൻറ് ആയിരുന്നു. കോവിഡ് പ്രതിരോധ വാക്സിനേഷൻ നടത്തിവരുന്നതായിട്ട് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്) അറിയിച്ചു. കളർകോഡ് 33 കെ.ബി. സബ് സ്റ്റേഷനിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ ഒരു ലേഡി സ്റ്റാഫാണ് നൈറ്റ് ഡ്യൂട്ടിക്ക് ഉണ്ടായിരുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത് . ഈ വിഷയം പരിഹരിക്കേണ്ടതാണ്. പൊതുജനങ്ങൾക്കിടയിലും ജീവനക്കാർക്കിടയിലും സുരക്ഷാ ബോധവത്കരണം നടത്തിയിട്ടുണ്ട്. പൂവന്തുരുത്ത് സർക്കിളിനു കീഴിലെ പള്ളം ചെങ്കുളം ലൈനുമായി ബന്ധപ്പെട്ട് സംഭവിച്ച അപകടത്തിൽ നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. ആലപ്പുഴ നടന്ന അപകടത്തിൽ ലൈനുമായി കെട്ടിടത്തിനു ക്ലിയറൻസ് കുറവായതിനാൽ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ബിജോയ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണ, ട്രാൻസ്മിഷൻ (നോർത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം (ട്രാൻസ്മിഷൻ നോർത്ത്) മേഖലയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്) വിശദീകരിച്ചു. പി.പി.ഇ. കിറ്റുകൾ പുതുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായി ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണ, ട്രാൻസ്മിഷൻ (നോർത്ത്) അറിയിച്ചു.

സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ കൃത്യമായും നടന്നുവരുന്നുണ്ട്. വർക്ക് സൈറ്റുകളിൽ നടക്കുന്ന വൈദ്യുത അപകടങ്ങളിൽ പലതും സുരക്ഷാ വീഴ്ചകൊണ്ട് സംഭവിക്കുന്നതാണെങ്കിലും അതു മറച്ചുകൊണ്ടാണ് പലപ്പോഴും ആക്സിഡൻറ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സ്കൂൾ പാഠ്യപദ്ധതിയിൽ സുരക്ഷ ഒരു വിഷയമായി ഉൾപ്പെടുത്താൻ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റും കെ.എസ്. ഇ.ബി.യും സഹകരിച്ച് സർക്കാരിലേക്ക് ഇടപെടലുകൾ നടത്തുന്നത് നല്ലതായിരിക്കുമെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണ, ട്രാൻസ്മിഷൻ (നോർത്ത്) അറിയിച്ചു.

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്)-ന് ഏരിയ വളരെ കൂടുതലായതിനാൽ സുരക്ഷാ പരിശോധനകൾ കൃത്യമായി നടത്തുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും അറിയിച്ചു.

ശ്രീമതി. നിശ. പി . വി . , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം ജനറേഷൻ മേഖലയിൽ അപകടങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല

എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അറിയിച്ചു. സുരക്ഷാ ബോധവത്കരണ ട്രെയിനിംഗുകൾ കൃത്യമായി നടന്നുവരുന്നുണ്ട്. കോവിഡ് പ്രതിരോധ വാക്സിനേഷനും നടന്നുവരുന്നതായിട്ടും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അറിയിച്ചു.

ശ്രീ. രാം മഹേഷ് ആർ, (ചീഫ് പെഴ്സണൽ ഓഫീസർ)

അപകടം കുറയ്ക്കുക എന്നതിനെക്കാൾ അപകടമില്ലാതാക്കുക എന്ന നിലയിലേക്ക് നാം എത്തേണ്ടതുണ്ടെന്ന് ചീഫ് പെഴ്സണൽ ഓഫീസർ അഭിപ്രായപ്പെട്ടു. ഫീൽഡ് ജീവനക്കാർ സുരക്ഷാ മുൻകരുതലുകൾ കൈക്കൊണ്ടശേഷം വൈദ്യുത ജോലികൾ ചെയ്യാൻ നിർബന്ധിതരാകണം. എന്നാൽ നമ്മുടെ ജീവനക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കാനായേക്കും. യൂ ട്യൂബിലൂടെയുള്ള സുരക്ഷാസന്ദേശവും വീഡിയോയും പൊതുജനബോധവത്കരണത്തിന് വളരെയധികം ഗുണപ്രദമാണ്. ഡോക്ടർ ഡാനിഷ് സലിം ഷോക്കേറ്റാൽ നൽകേണ്ടുന്ന ഫസ്റ്റ് എയ്ഡിനെക്കുറിച്ചുള്ള ബോധവത്കരണം നടത്തിയതിൻറെ വീഡിയോ കെ.എസ്.ഇ.ബി.യുടെ ഫേസ്ബുക്ക് പേജിലൂടെയും മറ്റും പ്രചരിപ്പിച്ചിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് വളരെയേറെ സഹായകരമാകുമെന്നും പ്രതീക്ഷിക്കുന്നതായിട്ടും ചീഫ് പെഴ്സണൽ ഓഫീസർ അറിയിച്ചു.

അപകട ഇൻഷുറൻസ് നിലവിൽ അപകട സഹായ പദ്ധതി എന്ന പേരിൽ വെൽഫയർ ഫണ്ടിൽ നിന്നാണ് തുക നകിവരുന്നത് . സംഘടനകളുമായി ആലോചിച്ച ശേഷം അടുത്ത വഷം SBI യോ സമാന സ്ഥാപനങ്ങളോ ആയി ചേർന്ന് അപകട ഇൻഷുറൻസ് നടപ്പാക്കുന്ന കാര്യം തീരുമാനിക്കാവുന്നതാണ് എന്നും , ചീഫ് പബ്ലിക് റിലേഷസ് ഓഫീസറുടെ അധിക ചുമതലയുള്ള ചീഫ് പെഴ്സണൽ ഓഫീസർ അറിയിച്ചു .

ശ്രീമതി. ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളയിൽതന്നെ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് സംഘടിപ്പിച്ചതിന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സന്തോഷം രേഖപ്പെടുത്തി. എന്നാൽ വൈദ്യുത അപകടങ്ങൾ ഇപ്പോഴും കുറയാതിരിക്കുന്നത് ഏറെ വിഷമകരമാണ്. മുകൾത്തട്ടിലെടുക്കുന്ന നടപടികൾ പലതും താഴെത്തട്ടിലേക്ക് എത്തുന്നുണ്ടോ എന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സംശയം പ്രകടിപ്പിക്കുകയും അവ പരിശോധിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. സുരക്ഷാവീഴ്ച ഉണ്ടായാൽ ആവശ്യമായ ശിക്ഷാനടപടികൾ നിർബന്ധമായും കൈക്കൊള്ളേണ്ടതാണെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു. അഗളിയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 600-ഓളം വീടുകൾക്ക് ELCB സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നോൺ പേയിംഗ് ഗ്രൂപ്പിന് സൗജന്യമായി ELCB സ്ഥാപിച്ചുകൊടുക്കുന്നതിന് ജനുവരി - 2020 ൽ ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരി മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കാരണം ഫണ്ട് മാറ്റി ചെലവഴിക്കേണ്ടി വന്നതിനാൽ മേൽപദ്ധതി നടന്നിരുന്നില്ല. എന്നാൽ ഉടൻതന്നെ അത് നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിൽ ബഹുമാനപ്പെട്ട ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) നിർദ്ദേശിച്ചതനുസരിച്ച് നിലവിൽ ഇംഗ്ലീഷിലുള്ള ലൈൻ ക്ലിയറൻസിന്റെ അനുമതിപത്രം മലയാളത്തിലേക്ക് ആക്കുന്നതിലേക്കായി ഈ ഓഫീസിൽ നിന്നും നിർദ്ദേശം നല്കിയിട്ടുള്ളതായിട്ടും , അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു.

ശ്രീ. ഡേവിസ് എ. പി., KSEBWA

സൺറൈസ് മീറ്റിംഗ് നടത്തണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് പല സെക്ഷൻ ഓഫീസുകളിലും ഇപ്പോഴും സൺറൈസ് മീറ്റിംഗ് നടക്കാത്ത അവസ്ഥയാണ്. അതിനാൽ സുരക്ഷാ ഉദ്യോഗസ്ഥർ അതു പരിശോധിച്ച് ഉറപ്പാക്കണമെന്ന് KSEBWA പ്രതിനിധി ശ്രീ. ഡേവിസ് എ. പി. അഭിപ്രായപ്പെട്ടു. പുതുക്കാട് സെക്ഷൻ ഓഫീസിലെ അപകടവുമായി ബന്ധപ്പെട്ട് പരിശോധനയിൽ അവിടെ ഓഫിസ് ഓർഡർ തെറ്റായിരുന്നു എന്നും സുരക്ഷാ ഉദ്യോഗസ്ഥർ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഇത്തരം കാര്യങ്ങളും കൂടി പരിശോധിക്കണമെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

അപകടമുണ്ടായാൽ ശിക്ഷാനടപടികൾ സ്വീകരിക്കുക മാത്രമല്ല പകരം അപകടമുണ്ടാകാതിരിക്കാൻ സുരക്ഷാ സംസ്കാരം ജീവനക്കാരിൽ വളർത്തിയെയെടുക്കുകയാണ് വേണ്ടത് . മേൽകാര്യം സുരക്ഷാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തകയും വേണം.

കോവിഡ് വാക്സിനേഷൻ എത്ര പേർക്ക് ഇനിയും കിട്ടാനുണ്ടെന്ന് അറിയില്ലാത്ത സാഹചര്യമാണുള്ളത് എല്ലാ ജീവനക്കാർക്കും വാക്സിനേഷൻ ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കണമെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ. മോഹൻദാസ് കെ. ആർ., KEWF

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മൂന്നുമാസത്തിനുള്ളിൽ തന്നെ കൃത്യമായി നടത്തിയതിൽ KEWF പ്രതിനിധി ശ്രീ. മോഹൻദാസ് കെ. ആർ. അഭിനന്ദനം അറിയിച്ചു. ചീഫ് സേഫ്റ്റി കമ്മീഷണറുടെ വിവിധ നിർദ്ദേശങ്ങളിൽ ഒന്നായ വർക്ക് സൈറ്റ് വാട്ട്സാപ്പ് ഗ്രൂപ്പിൽ ഫീൽഡിൽ ജോലിചെയ്യുന്നതിന്റെ ഫോട്ടോ ഇടുന്നതിനെപ്പറ്റി സംഘടനയുമായി ചർച്ചചെയ്ത ശേഷം മാത്രമേ അഭിപ്രായം പറയാൻ കഴിയൂ എന്ന് KEWF പ്രതിനിധി അറിയിച്ചു . ഇനിയൊരപകടവും ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയുള്ള സേഫ്റ്റി വിംഗിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സംഘടന നൽകുന്നതാണ്.

ശ്രീ. സുനിൽകുമാർ., UDEEF

കഴിഞ്ഞ മൂന്നുമാസക്കാലമായി ഉണ്ടായിട്ടുള്ള വൈദ്യുത അപകടങ്ങൾ മുൻ മാസങ്ങളിലേതിനേക്കാൾ കൂടുതലാണ് സംഭവിച്ചിരിക്കുന്നതെന്ന് UDEEF പ്രതിനിധി ശ്രീ. സുനിൽകുമാർ അഭിപ്രായപ്പെട്ടു. പൊതുജന ബോധവൽക്കരണം കുറേയൊക്കെ ഫലം കണ്ടിട്ടുണ്ട്. എന്നാലും ഉണ്ടായിട്ടുള്ള അപകടങ്ങളിൽ കൂടുതലും കൺസ്യൂമർ പ്രിമൈസസിൽ ആണ് സംഭവിച്ചിട്ടുള്ളത്. ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് അപകടം കൂടിയതിന്റെ ഒരു കാരണം ഇപ്പോഴുള്ള സേഫ്റ്റി ഇൻസ്പെക്ഷനുകളുടെ കുറവാണ്. മാത്രവുമല്ല സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന സേഫ്റ്റി ഇൻസ്പെക്ഷനുകൾ ശരിയായ രീതിയിലാണോ എന്നും സംശയം ഉള്ളതായിട്ട് UDEEF പ്രതിനിധി അറിയിച്ചു. എൽ.റ്റി. ലൈനുകളിൽ സ്പേസർ ഇടുന്നതിനായി സുരക്ഷിതമായ ഒരു സംവിധാനം കെ.എസ്.ഇ. ബോർഡിനില്ല. ഇത് അപകടങ്ങൾക്ക് വഴിയൊരുക്കും. ഇതു പരിഹരിക്കുന്നതിനുവേണ്ടി ഒരു എസ്കലേറ്റർ /ഏരിയൽ ലിഫ്റ്റ് എല്ലാ ഡിവിഷൻ തലത്തിലും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും ഈ വിഷയത്തിൽ ചീഫ് സേഫ്റ്റി കമ്മീഷണർ ഇടപെടണമെന്നും UDEEF പ്രതിനിധി അറിയിച്ചു.

അപകടത്തിൽപ്പെട്ട ജീവനക്കാർക്ക് അപകട ഇൻഷുറൻസ് തുക ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കണം. ഈ വിഷയത്തിൽ ചീഫ് സേഫ്റ്റി കമ്മീഷണർ കൂടി ഇടപെടുന്നത് ഗുണകരമാണ്. സഹായനിധിയായി പലപ്പോഴും ജീവനക്കാരുടെയിടയിൽ നിന്നും മറ്റും പിരിച്ചെടുക്കുന്ന തുക അർഹാരയവർക്ക് ലഭിക്കുന്നുണ്ടോ എന്നും

പരിശോധിക്കേണ്ടതാണെന്നും UDEEF പ്രതിനിധി അഭിപ്രായപ്പെട്ടു. ട്രാൻസ്മിഷൻ സൗത്തിന്റെ കീഴിൽ പൂവഞ്ഞുരുത്തിൽ ഉണ്ടായ അപകടത്തിനെക്കുറിച്ചുള്ള ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണറുടെ റിപ്പോർട്ട് തികച്ചും വസ്തുതാ വിരുദ്ധമാണെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് പരിശോധിച്ചാൽ തന്നെ മനസ്സിലാകുന്നതാണ്. അപകടമുണ്ടായാൽ കൃത്യമായ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സുരക്ഷാ ഉദ്യോഗസ്ഥർക്ക് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശം നൽകണമെന്നും UDEEF പ്രതിനിധി അറിയിച്ചു.

ഇപ്പോഴും OH ലൈനിൽ സ്ഥാപിക്കുന്ന എൽ.റ്റി. ക്ലാമ്പുകൾ, പുതുതായി സ്ഥാപിക്കുന്ന പോസ്റ്റുകൾ എന്നിവ ഒടിയുന്ന അവസ്ഥ തുടരുന്നു. ഈ അവസ്ഥ പരിഹരിക്കണമെന്നും ഷോപ്പോസ്റ്റിന്റെ കൂറിംങ്ങും മറ്റും കർശനമായി പരിശോധിക്കണമെന്നും UDEEF പ്രതിനിധി അറിയിച്ചു. ജീവനക്കാർ വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുന്നതിന്റെ ഫോട്ടോ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്ന കാര്യത്തിൽ താഴെത്തട്ടിൽ വിശദമായി ചർച്ചചെയ്തു മാത്രമേ അഭിപ്രായം പറയുവാൻ സാധിക്കുകയുള്ളൂ.. കോവിഡ് മഹാമാരി നിലനിൽക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ വഴിയെങ്കിലും ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകണമെന്നും UDEEF പ്രതിനിധി അറിയിച്ചു.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ നല്ലരീതിയിലാണ് നടക്കുന്നതെന്ന അഭിപ്രായമാണുള്ളത്. സുരക്ഷാ ഉദ്യോഗസ്ഥന്മാർ സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തുമ്പോൾ ജീവനക്കാർ ഉപയോഗിച്ചുവരുന്ന സുരക്ഷാ ഉപകരണങ്ങളുടെ ഗുണനിലവാരത്തെപ്പറ്റിയും പരിശോധന നടത്തേണ്ടതാണെന്ന് UDEEF പ്രതിനിധി അഭിപ്രായപ്പെട്ടു. മെറ്റീരിയലുകളുടെ ഗുണനിലവാരം ഉറപ്പുക്കുന്നതിലേക്ക് സെൻട്രലൈസ്ഡ് പർചെയ്സ് നടത്തണമെന്ന് തീരുമാനിച്ചിരുന്നെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്നതും പരിശോധിക്കണം. സുരക്ഷാവിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഐക്യദാർഢ്യവും സംഘടന നൽകുന്നു എന്നും UDEEF പ്രതിനിധി യോഗത്തിൽ അറിയിച്ചു.

ശ്രീ. പ്രതീപ്കുമാർ.എസ്., KPWC

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് നടത്തുമ്പോൾ എല്ലാ അംഗങ്ങൾക്കും അഭിപ്രായം പറയുന്നതിലേക്കായി കൃത്യമായ സമയനിഷ്ഠ പാലിച്ചാൽ മാത്രമേ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ മീറ്റിംഗ് അവസാനിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. നല്ല രീതിയിൽ സുരക്ഷ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റുള്ള അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണമായി സംഘടന യോജിക്കുന്നതായും KPWC പ്രതിനിധി ശ്രീ. പ്രതീപ്കുമാർ.എസ് അറിയിച്ചു. അപകടം ഉണ്ടായശേഷം പരിശോധിക്കുന്നതിനെക്കാൾ നല്ലത് അപകടം ഉണ്ടാകാതിരിക്കാൻ പരിശോധന നടത്തുന്നതാണ്.

ഇലക്ട്രിസിറ്റി വർക്കർമാരെ ലൈൻ ചാർജ് ചെയ്തു കഴിഞ്ഞശേഷം അത്തരം ലൈനുകളിലെ ജോലിക്കുവേണ്ടി ഉപയോഗിക്കാൻ പാടില്ല എന്ന നിർദ്ദേശം ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. കൂടാതെ സംഭവിക്കുന്ന എല്ലാ വൈദ്യുത അപകടവും കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നും സംശയമാണ് . ഇതിന് കർശനമായി നിർദ്ദേശം ചീഫ് സേഫ്റ്റി കമ്മീഷണർ നൽകണമെന്നും KPWC പ്രതിനിധി അറിയിച്ചു.

ശ്രീ. നസീർ എം., UDEEF

17-05-2021-ന് ചിറയിൻകീഴ് സെക്ഷൻ ഓഫീസിൽ നടന്ന അപകടത്തിൽ ഒരു കരാർതൊഴിലാളി മരണപ്പെട്ടത് ചാർജ്ജ് ചെയ്തിരുന്ന ലൈനിൽ കയറിയത് മൂലമാണ്. ഈ വിഷയത്തിൽ സുരക്ഷാ വീഴ്ച എന്തെങ്കിലും ഉണ്ടായിട്ടുണ്ടോയെന്നു വിശദമായി പരിശോധിക്കേണ്ടതാണെന്ന് UDEEF പ്രതിനിധി ശ്രീ . നസീർ എം. അറിയിച്ചു. കേബിൾ ടിവിക്കാരുടെ കേബിളുകൾ പോസ്റ്റിൽ ചുറ്റിപ്പിണഞ്ഞുകിടക്കുന്നതിനാൽ കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പോസ്റ്റുകളിൽ കയറാനും സേഫ്റ്റി ബെൽറ്റ്

ഉപയോഗിച്ച് സുരക്ഷിതമായി നിന്ന് പണിചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്നും UDEEF പ്രതിനിധി അറിയിച്ചു.

ശ്രീ. ഹരികുമാർ.ബി. , KSEBOA

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് കൃത്യമായ ഇടവേളയിൽ തന്നെ സംഘടിപ്പിച്ചതിന് സംഘടനയുടെ അഭിനന്ദനം KSEBOA പ്രതിനിധി ശ്രീ. ഹരികുമാർ.ബി. അറിയിച്ചു.

സേഫ്റ്റി പ്രോസിജിയറിൽ കടന്നു കൂടിയിട്ടുള്ള ന്യൂനതകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ഉത്തരവുണ്ട് . എന്നാൽ അതിന് യാതൊരുവിധ തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല എന്ന് KSEBOA പ്രതിനിധി അറിയിച്ചു. CEA റെഗുലേഷൻ പ്രകാരമുള്ള കോൺട്രാക്ടർ ലൈസൻസ് എന്ന വിഷയത്തിൽ കാലാവധി നീട്ടിക്കിട്ടുന്നതിനായി സർക്കാരിൽ കത്ത് സർപ്പിച്ചിട്ടുള്ളതിന്റെ തുടർനടപടികൾ ഉണ്ടാകണമെന്നും KSEBOA പ്രതിനിധി അറിയിച്ചു .

കേന്ദ്രീകൃതമായ രീതിയിൽ ഫെയ്സ് ബുക്ക് പേജ് കെ. എസ്.ഇ.ബി ലിമിറ്റഡിന്റെതായിട്ടൊരുക്കി അതിലൂടെ സുരക്ഷാ സന്ദേശങ്ങളും മറ്റു വിവരങ്ങളും പൊതുജനങ്ങൾക്ക് പങ്കുവയ്ക്കുന്നതാകും ഉചിതം. കോവിഡ് സാഹചര്യമായതിനാൽ സുരക്ഷാ ഇൻസ്പെക്ഷനുകൾ കുറഞ്ഞതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത് ഇത് ഊർജിതമാക്കുന്നതിന് സംഘടനാതലത്തിൽ ഇടപെടലുകൾ നടത്താമെന്നും KSEBOA പ്രതിനിധി അറിയിച്ചു.

എൽ.റ്റി. ലൈനുകളുടെ അടിയിൽ കൂടി റിലയൻസ് ജിയോയുടെ കേബിളുകൾ അപകടകരമായ രീതിയിലാണ് പല സ്ഥലങ്ങളിലും വലിച്ചിരിക്കുന്നത് എന്നും KSEBOA പ്രതിനിധി അറിയിച്ചു. പി.പി.ഇ. കിറ്റിന്റെ ലഭ്യത HRIS ൽ കൃത്യമായി രേഖപ്പെടുത്തണം. സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുമ്പോൾ, സ്റ്റാൻഡേർഡ് ആയിട്ടാണോ ഇൻസ്റ്റലേഷൻ സ്ഥാപിച്ചിരിക്കുന്നത് എന്നും കൂടി സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച് വേണ്ട നടപടികൾ ചെയ്യേണ്ടതാണെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ. അനന്തകൃഷ്ണൻ.എം.ജി , KEOF

സുരക്ഷ കാര്യക്ഷമമാക്കുന്നതിനു വേണ്ടി മറ്റുള്ള സംഘടനാ പ്രതിനിധികൾ പറഞ്ഞ അഭിപ്രായങ്ങളോട് സംഘടന യോജിക്കുന്നതായി KEOF പ്രതിനിധി ശ്രീ. അനന്തകൃഷ്ണൻ.എം.ജി അറിയിച്ചു. വൈദ്യുതി അപകടങ്ങളെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ ജീവനക്കാർക്ക് സംഭവിക്കുന്ന വീഴ്ചകളെപ്പറ്റി മാത്രമെ പ്രതിപാദിക്കാറുള്ളു. എന്നാൽ മെറ്റീരിയലുകളുടെ ഗുണനിലവാരക്കുറവും നിർമ്മാണത്തിൽ സ്റ്റാൻഡേർഡ് പാലിക്കാത്തതും അപകടകാരണമാകുന്നുണ്ട്. ഇത്തരം കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായുണ്ടെന്നും KEOF പ്രതിനിധി അഭിപ്രായപ്പെട്ടു.

സബ് സ്റ്റേഷനുകളിൽ 11 കെ. വി. ഫീഡറുകളിൽ സെൻസിറ്റീവ് എർത്ത് ഫാൾട്ട് റിലേ വയ്ക്കണമെന്ന് നേരത്തെ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും നടപടിയൊന്നും ഉണ്ടായതായി കാണുന്നില്ല. സ്കൂൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ പരിസര പ്രദേശങ്ങളിലെ OH ലൈനുകളിൽ സ്പെയ്സർ, ഗാഡിംഗ് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. വൈദ്യുത ജോലികൾക്കായി ഓഫ് ചെയ്തുവച്ച ലൈനിലേയ്ക്ക് ഉപഭോക്താക്കളുടെ ഇൻവേർട്ടർ, ജനറേറ്റർ മുതലായവയിൽ നിന്നും വൈദ്യുതി തിരികെ പ്രവേശിച്ച് അപകടം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി റിവേർസ് കറണ്ട് ബ്ലോക്ക് റിലേ സ്ഥാപിക്കുന്നത് ഗുണകരമാണോ എന്നും പരിശോധിക്കണമെന്ന് KEOF പ്രതിനിധി അഭിപ്രായപ്പെട്ടു. സേഫ്റ്റിയ്ക്ക് മാത്രമായി ട്രെയിനിംഗ് നൽകുന്നതിന് കരുനാഗപള്ളിയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് മുൻ

യോഗങ്ങളിൽ ചർച്ചചെയ്തിരുന്നു. ഇത് പരിശോധിച്ചു നടപടി കൈക്കൊള്ളേണ്ടതാണ്. എൽ. റ്റി. ടാപ്പ് ലൈനുകളിൽ ശരിയായ രീതിയിൽ ഷാക്കിൾ ഇൻസുലേറ്റർ സ്ഥാപിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ശ്രീ. സുജിത്ത് . കെ.ജെ., KEOC

സുരക്ഷയുമായി ബന്ധപ്പെട്ട് ചീഫ് സേഫ്റ്റി കമ്മീഷണർ നടത്തിവരുന്ന എല്ലാ പ്രവർത്തനങ്ങളെയും സംഘടന പിന്താങ്ങുന്നതായി KEOC പ്രതിനിധി ശ്രീ. സുജിത്ത്. കെ.ജെ.അറിയിച്ചു. എൽ.റ്റി.ലൈൻ കൺസ്ട്രക്ഷൻ നടക്കുന്ന സമയത്തുതന്നെ സ്പേസർ നിർബന്ധമായും ഇടുകയും ലൈനിൽ തട്ടുവാൻ സാധ്യതയുള്ള മരച്ചില്ലകളും മുറിച്ചുകളയുകയാണെങ്കിൽ ഭാവിയിൽ കമ്പിപൊട്ടിയുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ കുറയ്ക്കാനാവും. വർക്ക് സൈറ്റ് വാട്ട്സാപ്പ് ഗ്രൂപ്പ് ഉണകരമാണെന്നുള്ള അഭിപ്രായമാണ് KEOC പ്രതിനിധി അറിയിച്ചത് .

കോടിയേരി ഇലക്ട്രിക്കൽ സെക്ഷനിൽ 15-07-2021 നു നടന്ന വൈദ്യുത അപകടം പോലെ ഇനിയും സംഭവിക്കാതിരിക്കുന്നതിനായി , കമ്പി പൊട്ടിവീണാൽ അപകടം ഒഴിവാക്കുന്നതിനു വേണ്ടി ഫ്യൂസ് ഊരി വച്ചാൽ മാത്രം മതിയാകില്ല പകരം പൊട്ടിയ കമ്പിയിൽ വൈദ്യുതി ഇല്ലെന്ന് ഉറപ്പുവരുത്തുകയും അവ പൊതുജനങ്ങൾക്കു അപകടമുണ്ടാകാത്ത രീതിയിൽ സുരക്ഷിതമായി ചുറ്റിക്കെട്ടി വയ്ക്കുകയും വേണമെന്ന് KEOC പ്രതിനിധി അഭിപ്രായപ്പെട്ടു.

ഇലക്ട്രിസിറ്റി വർക്കർമാർ പുതുതായി ജോലിയിൽ പ്രവേശിക്കുമ്പോൾ തന്നെ പി . പി .ഇ കിറ്റ് HRIS വഴി നൽകേണ്ടതാണ്. കെ. എസ്.ഇ.ബി ലിമിറ്റഡ് ആരംഭിച്ച യു ട്യൂബ് ചാനലിലെ വീഡിയോകൾ കൂടുതൽ ജനശ്രദ്ധ ആകർഷിക്കുകയും മനസ്സിൽ തങ്ങി നിൽക്കുകയും ചെയ്യുന്നവണ്ണം മികവുറ്റതാക്കണമെന്നും KEOC പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ . ഗോപാലകൃഷ്ണൻ പോറ്റി .,KSEBEA

സേഫ്റ്റി ഓഫീസർമാർ അവരവരുടെ അധികാര പരിധിക്കുള്ളിലെ സെക്ഷനോഫീസുകളിലെ വർക്ക് സൈറ്റുകളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ പല കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യേണ്ട സാഹചര്യം ഉണ്ടായേക്കാം. ഇത് പരിഹരിക്കുന്നതിനു ഒരു ഡിവിഷന്റെ കീഴിൽ ഒരു സേഫ്റ്റി ഓഫീസറും ടീമും എന്ന രീതിയിൽ സംവിധാനം ഒരുക്കുന്നതാണ് ഉചിതമെന്ന്, KSEBEA പ്രതിനിധി ശ്രീ . ഗോപാലകൃഷ്ണൻ പോറ്റി അഭിപ്രായപ്പെട്ടു. എൽ. റ്റി . കമ്പികൾ പൊട്ടിവീഴുമ്പോൾ ഉണ്ടാകുന്ന അപകടം തടയുന്നതിന് KSEBEA അംഗം കൂടിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ . കൃഷ്ണകുമാർ തയ്യാറാക്കിയ ആശയം പരിശോധിക്കണമെന്ന് KSEBEA പ്രതിനിധി ശ്രീ . ഗോപാലകൃഷ്ണൻ പോറ്റി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിലുള്ള ന്യൂനതകൾ നേരത്തെ തന്നെ ശ്രീ .കൃഷ്ണകുമാറിനെ അറിയിച്ചിരുന്നതായി ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു.

കൂടുതൽ ഉയരത്തിലുള്ള ലൈനുകളിൽ ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിന് സെക്ഷൻ ഓഫീസുകളിൽ ഏരിയൽ ലിഫ്റ്റ് ലഭ്യമാക്കണം . ഇപ്പോൾ ചെയ്തു വരുന്ന ദ്യുതി പ്രവർത്തനങ്ങൾ സങ്കീർണ്ണമാണ്. അത് പ്രകാരം സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിലെ ലോഡ് പരിശോധിച്ച ശേഷം മാത്രം പുതിയ ലൈനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നതാണ് ഉചിതമെന്ന് KSEBEA പ്രതിനിധി അഭിപ്രായപ്പെട്ടു.

ലൈൻ ഓഫ് ചെയ്ത് , എർത്ത് ചെയ്ത് ഐസൊലേറ്റ് ചെയ്തശേഷം ജോലിക്കായി ലൈനിൽ കയറുമ്പോൾ ലൈനിൽ സ്പർശിക്കുന്നതിനു മുൻപുതന്നെ വൈദ്യുത സാന്നിധ്യം അറിയുന്നതിനായി പ്രൊക്സിമിറ്റി ഡിറ്റെക്ടറുകൾ ഫീൽഡിൽ ലഭ്യമാക്കണം. 100 KVA മുതൽ മുകളിലോട്ടുള്ള എല്ലാ ട്രാൻസ്ഫോർമറുകളിലും MCCB പോലുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കണം.

PSC പോസ്റ്റുകൾ ഒടിഞ്ഞുള്ള അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ അനുയോജ്യമായ അയൺ പോസ്റ്റുകൾ ഉപയോഗിക്കുന്നതിന്റെ സാധ്യതകളെ കുറിച്ച് പരിശോധിക്കണമെന്നും തുടങ്ങിയ നിർദ്ദേശങ്ങളും KSEBEA പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഏരിയൽ ബഞ്ച്ഡ് കേബിൾ എല്ലായിടത്തും സ്ഥാപിക്കുന്നതുവരെ OH ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിനുള്ള ട്രിപ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിനെപ്പറ്റിയും പരിശോധിക്കണമെന്നും KSEBEA പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ. അശോക് ഷെർലേകർ, KPBOF

കോവിഡ് മഹാമാരി നിലനിൽക്കുന്ന സാഹചര്യത്തിലും കൃത്യമായ ഇടവേളയിൽതന്നെ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് സംഘടിപ്പിച്ചതിൽ KPBOF പ്രതിനിധി ശ്രീ. അശോക് ഷെർലേകർ അഭിനന്ദനം അറിയിച്ചു. കെ.എസ്.ഇ.ബി.യുടെ പോസ്റ്റിനടുത്ത് സ്ഥാപിക്കുന്ന ജിയോ പോസ്റ്റുകൾ ആവശ്യമായ ക്ലിയറൻസ് ഇല്ലാതെയാണ് പല സ്ഥലത്തും സ്ഥാപിക്കുന്നത്. ഇതുമൂലം പുതിയ പോസ്റ്റ് ഇടുമ്പോഴും പോസ്റ്റുകൾ മാറ്റി സ്ഥപിക്കുമ്പോഴും അപകട സാധ്യത ഉണ്ടാകുന്നു. അതിനാൽ ഈ വിഷയം ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും KPBOF പ്രതിനിധി അറിയിച്ചു.

കരിമ്പട്ടികയിൽ പെടുത്തിയ ELCB കൾ ഏതൊക്കെയാണെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലിസ്റ്റ് കെ. എസ്.ഇ.ബി. യിൽ ലഭ്യമാക്കണം. സുരക്ഷാ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി കെ. എസ്.ഇ.ബി.എല്ലിന്റെ കീഴിൽ സെൻട്രലൈസ്ഡ് ആയി ഫെയ്സ് ബുക്ക് പേജ് തുടങ്ങുന്നതാണ് ഉചിതമെന്നും KPBOF പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീമതി . ലീലാമ്മ , ടി.എ . to ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

സർക്കിൾ തലത്തിൽ ഏരിയൽ ലിഫ്റ്റ് വാങ്ങുന്നതിനുള്ള നിർദ്ദശം ബോർഡിൽ നിലവിലുണ്ടെന്ന് ടി.എ . to ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)ശ്രീമതി . ലീലാമ്മ യോഗത്തിൽ അറിയിച്ചു. കേബിൾ ടി.വി. യുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിന്റെ കീഴിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ടി.എ . to ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ) അറിയിച്ചു.

ചീഫ് സേഫ്റ്റി കമ്മിഷണറുടെ മറുപടി

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ സെക്ഷൻ ഓഫീസുകളിലും കൃത്യമായി സൺറൈസ് മീറ്റിംഗ് നടത്തണമെന്നും അക്കാര്യം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ ഉറപ്പാക്കണമെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

PTW നടപടിക്രമം കൈക്കൊണ്ട ശേഷം മാത്രമെ വൈദ്യുതലൈനിൽ പണിചെയ്യാൻ പാടുള്ളൂവെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ / ചീഫ് സേഫ്റ്റി ഓഫീസർമാർ ഫീൽഡിൽ കർശന നിർദ്ദേശം നൽകണമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

സെൻട്രലൈസ്ഡ് ആയി ഫെയ്സ് ബുക്ക് പേജ് ആരംഭിക്കുന്ന വിഷയത്തിൽ ഓരോ സെക്ഷനും പ്രത്യേകമായ ഫെയ്സ് ബുക്ക് പേജ് തുടങ്ങുന്നതാണ് ഫലപ്രദമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു. ഫെയ്സ് ബുക്കിലൂടെ അതാത് പ്രദേശങ്ങളിലെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജീവനക്കാർക്ക് എളുപ്പത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിന് മേൽ പറഞ്ഞ രീതിയിൽ ഫെയ്സ് ബുക്ക് തുടങ്ങുന്നതാണ് കൂടുതൽ സൌകര്യപ്രദമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു.

OH ലൈനുകളിൽ സ്പെയ്സർ സ്ഥാപിക്കുന്നതിന് നിലവിൽ നാല് കാലുള്ള ഏണികളാണ് മിക്കയിടത്തും ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. എന്നാൽ ഇതിനേക്കാൾ കൂടുതൽ സുരക്ഷിതവും സൌകര്യപ്രദവും ചിലവുകുറഞ്ഞതുമായ സംവിധാനം ലഭ്യമാകുന്ന മുറയ്ക്ക് കെ. എസ്.ഇ.ബി. എല്ലിൽ നടപ്പിലാക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു.

അപകട ഇൻഷുറൻസ് പദ്ധതിയെക്കുറിച്ചും, വർക്കർമാരെ ചാർജ്ജ് ചെയ്ത ലൈനിൽ കയറ്റി ജോലി ചെയ്യിക്കുന്ന വിഷയം സംബന്ധിച്ചും പരിശോധിക്കുന്നതാണ് എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു.

അപകട റിപ്പോർട്ടുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന വിഷയത്തിൽ, അപകടം നടന്ന ശേഷമുള്ള അന്വേഷണ റിപ്പോർട്ടുകൾ സുരക്ഷാ വീഴ്ച്ച വരുത്തിയ ജീവനക്കാരെ ഒരിക്കലും രക്ഷിക്കാൻ വേണ്ടിയാകരുത് , പകരം സത്യസന്ധവും വസ്തുതാപരവും ആയ റിപ്പോർട്ടുകളായിരിക്കണം ഓഫീസർമാർ നൽകേണ്ടത്. എങ്കിൽ മാത്രമേ സമാനരീതിയിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളു എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു.

മെറ്റീരിയലുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള വിഷയത്തിൽ എസ്.സി.എം. വിഭാഗത്തിന് നോട്ട് നൽകിയിട്ടുണ്ട്.

ജിയോയുടെ കേബിളുകൾ അപകടകരമായി വലിക്കുന്നതിനെ സംബന്ധിച്ചുള്ള വിഷയത്തിൽ, വൈദ്യുത ലൈനുമായി സുരക്ഷിത അകലം പാലിക്കാതെ അപകടകരമായി നിൽക്കുന്ന ജിയോയുടെ കേബിളുകൾ മാറ്റുന്നതിലേക്കായി വെള്ളയമ്പലം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റൻറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എ.ഡി.എമ്മിന് കംപ്ലെയിൻറ് കൊടുക്കുകയും പരിഹാരം കാണുകയും ചെയ്തിട്ടുണ്ട് . അതിനാൽ ഈ വിഷയത്തിൽ പ്രശ്നം നേരിടുന്നവർ വെള്ളയമ്പലം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റൻറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച മാർഗ്ഗം പിന്തുടരാവുന്നതാണെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു.

സുരക്ഷാ ഉദ്യോഗസ്ഥന്മാർ ഫീഡ് ഇൻസ്പെക്ഷനുകൾ നടത്തുമ്പോൾ അവിടെയുള്ള ഇൻസ്റ്റലേഷനുകൾ കൂടി അപകടമാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കണം. HRIS സുരക്ഷാ ഉപകരണങ്ങളുടെ സ്ഥിതിവിവരം കൂടി ഉപ്പെടുത്തുന്നതിനുള്ള നടപടി കൈകൊള്ളുന്നതാണെന്ന് യോഗത്തിൽ ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു . റിവേഴ്സ് കറണ്ട് ബ്ലോക്ക് ചെയ്യുന്നതിനുള്ള റിലേ സ്ഥാപിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ് .

കരുനാഗപ്പള്ളിയിൽ സേഫ്റ്റിയ്ക്കായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ് . എൽ .റ്റി. ലൈനുകളുടെ നിർമ്മാണ സമയത്തുതന്നെ ആവശ്യമായ ഇടങ്ങളിൽ സ്പെയ്സർ സ്ഥാപിക്കുന്നതിനും സുരക്ഷിതമായ അകലത്തിലല്ലാതെയുള്ള മരങ്ങളും മറ്റും കൃത്യമായി മുറിച്ചു മാറ്റണമെന്ന അഭിപ്രായം നല്ലതാണ്. ആയതിനാൽ ഇത് ഫീൽഡ് തലത്തിൽ പ്രാവർത്തികമാക്കണമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ നിദ്ദേശിച്ചു .

ഫീൽഡിൽ ജോലിചെയ്യുന്നതിനു മുൻപ് സപ്ലൈ ഓഫ് ചെയ്ത് എർത്ത് ചെയ്ത് ഷോർട്ട് ചെയ്യുന്നതിന്റെ ഫോട്ടോ വർക്ക് സൈറ്റ് വാട്ട്സാപ്പ് ഗ്രൂപ്പിൽ ഇടണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിദ്ദേശിച്ചു.

ഒരു ഡിവിഷന്റെ കീഴിൽ ഒരു സേഫ്റ്റി ഓഫീസറും ടീമും എന്ന രീതിയിൽ സംവിധാനം ഒരുക്കുന്നത് ഉചിതമാണെന്ന അഭിപ്രായത്തിന്, ഇപ്പോഴത്തെ സാഹചര്യത്തി സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ ഈ വിഷയം പിന്നീട് ആലോചിക്കാമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

ഈ കാലയളവിൽ മികച്ച പ്രകടനം കാഴ്ച വച്ച ചീഫ് എഞ്ചിനീയർ (നോത്ത്), ഡെപ്യൂട്ടി സ്റ്റേറ്റ് കമ്മീഷണർ

(നോത്ത്) എന്നിവരെ ചീഫ് സേഫ്റ്റി കമ്മീഷണർ യോഗത്തിൽ അഭിനന്ദിച്ചു .

കരിമ്പട്ടികയിൽപ്പെടുത്തിയ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കറുകൾ ഏതൊക്കെയാണെന്ന വിഷയവുമായി ബന്ധപ്പെട്ട് അവയുടെ വിവരം ലഭ്യമാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി കൂടിയാലോചിച്ചു നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

PWD-യിൽ ഉപയോഗിച്ചുവരുന്ന തരം 'Mobile App' കെ.എസ് .ഇ.ബി.എല്ലിലും വികസിപ്പിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചതായി ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു .

യോഗത്തിൽ പങ്കെടുത്ത എല്ലാപേർക്കും ചീഫ് സേഫ്റ്റി കമ്മീഷണർ നന്ദി അറിയിച്ചു .

ഉച്ചയ്ക്ക് 1.45 ന് മീറ്റിംഗ് അവസാനിച്ചു .

sd/-

ചീഫ് സേഫ്റ്റി കമ്മിഷണർ

പകർപ്പ്

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും .